Draft #3 of File AcA4/1/1239692/Academic Qualification Clarification/2021 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Aug-2022 10:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി ടെക് - റെഗുലേഷൻ 2010 - CGPA ശതമാനത്തിലേക്ക് പരിവർത്തനം - ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് ശുപാർശ - അംഗീകരിച്ച -ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് :

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 8629/AC A 4/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 19.08.2022

---

*പരാമർശം:*-(1) 25.07.2022 -ൽ ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി സർവ്വകലാശാലയിലേക്ക് അയച്ച ഇമെയിൽ സന്ദേശം.

(2) 04.08.2022 -ലെ ബഹു.വൈസ് ചാൻസിലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തി വന്നിരുന്ന ബി ടെക് കോഴ്സിന്റെ 2010 സ്കീം & സിലബസ് റെഗുലേഷനിൽ CGPA ശതമാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി ഫോർമുല പ്രതിപാദിക്കാത്ത സാഹചര്യത്തിൽ ടി ഫോർമുല രൂപീകരിക്കുന്നതിനും , റിസൾട്ട് ക്ലാസ്സിഫിക്കേഷൻ സംബന്ധിച്ച് സ്പഷ്ടീകരണം നൽകുന്നതിനും ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീറിംഗിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു .ടി വിഷയത്തിന്മേൽ CGPA ശതമാനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി Percentage marks = (CGPA - 0.5) * 10 , എന്ന ഫോർമുല ഉപയോഗിക്കാവുന്നതാണെന്നും കൂടാതെ ടി റെഗുലേഷനിലെ റിസൾട്ട് ക്ലാസ്സിഫിക്കേഷൻ പ്രകാരം CGPA 8 and above എന്നതിന് നിലവിൽ നൽകിവരുന്ന First Class with Honours എന്നുള്ളത് First Class with distinction ആയും കണക്കാക്കാമെന്നും പരാമർശം (1) പ്രകാരം ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് ശുപാർശ ചെയ്തിരുന്നു.

ടി വിഷയം വിശദമായി പരിശോധിച്ച ബഹു.വൈസ് ചാൻസിലർ ,പരാമർശം (2) പ്രകാരം വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച ,മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 ,അധ്യായം III ,വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച്, ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് നൽകിയിരിക്കുന്ന ശുപാർശകൾ അംഗീകരിച്ച ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി സി /പിവിസി യുടെ പിഎസ്

2, രജിസ്ട്രാർ /പരീക്ഷ കൺട്രോളറുടെ പി എ

3. ചെയർമാൻ ,ബോർഡ് ഓഫ് സ്റ്റഡീസ് ,ബി ആർക്ക് & എം ആർക് (സംയുക്തം)

4.ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ

5 .ഇ ഐ 32 / ഇ ബി / OQPM സെക്ഷനുകൾ

6 .എ ആർ/ ഡി ആർ /ജെ ആർ(പരീക്ഷ/അക്കാദമിക്)

7 .കണ്ടന്റ് മാനേജ്മെന്റ്/റെക്കോർഡ്സ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File AcA4/1/123969/Academic Qualification Clarification/2021 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Aug-2022 10:04 PM - Page 2